LIBRARY ARCHIVES Kerala Legislative Assembly

തവനൂർ മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് മുഖേനയുള്ള പ്രവൃത്തികൾ

173 (181) ശ്രീ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറിഗേഷനും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തവനൂർ മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന്റെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചതെന്നും ഓരോന്നിനും എത്ര രൂപയുടെ അനുമതിയാണ് ലഭിച്ചതെന്നും വിശദമാക്കാമോ ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചത് എന്നും ഇനി പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും വിശദമാക്കാമോ ;

(സി) പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തവനൂർ മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന്റെ പ്രവൃത്തികൾ ഒന്നും തന്നെ നടത്തിയിട്ടില്ല.

(ബി&സി) ബാധകമല്ല.

വിഴിഞ്ഞം പദ്ധതിക്കുവേണ്ടി അക്വയർ ചെയ്ത ഭൂമി

174 (182) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറിഗേഷനും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം ഇറിഗേഷൻ പദ്ധതിക്ക് വേണ്ടി മൊത്തം എത്ര ഏക്കർ ഭൂമി അക്വയർ ചെയ്തിട്ടുണ്ട്; ഇതിൽ അദാനി ഗ്രൂപ്പിന് കൈമാറ്റം ചെയ്തത് എത്ര ഏക്കറാണ് ;

(ബി) ഇങ്ങനെ നോട്ടിഫൈ ചെയ്ത ഭൂമിയിൽ ഇനിയും അക്വയർ ചെയ്യാനുള്ള ഭൂമി എത്രയാണ് ; അവയുടെ സർവ്വേ നമ്പരുകൾ നല്കുമോ ;

(സി) വിലയ്ക്ക് വാങ്ങാൻ തീരുമാനിച്ചവയിൽ ഏറ്റവും ഒടുവിൽ വാങ്ങിയ ഭൂമി ഏതെല്ലാം സർവ്വേ നമ്പരുകളിൽ ഉള്ളതാണ്; സെന്റ് ഒന്നിന് എത്ര രൂപ വില നൽകുകയുണ്ടായി ;

(ഡി) ഇറിഗേഷൻ പദ്ധതിക്ക് വാങ്ങിയ ഭൂമിയിൽ സെന്റ് ഒന്നിന് ഏറ്റവും കൂടുതൽ വില നൽകേണ്ടിവന്ന ഭൂമി ഏതാണ് ; വില എത്രയായിരുന്നു; ഇടപാട ആരായിരുന്നു ?